LIBRARY ARCHIVES Kerala Legislative Assembly

ചെലവുകൾക്ക് ആനുപാതികമായി വരുമാനമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

103 (4538) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിമാസം ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി ആവശ്യമായ തുക, വരുമാനമില്ലാത്ത എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള 10 സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും കഴിഞ്ഞ സാമ്പത്തികവർഷത്തെ ഇവയുടെ മിച്ചം എത്രയാണെന്നും വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വികസന പദ്ധതികൾക്ക് സർക്കാർ നൽകിയ തുക കഴിഞ്ഞ രണ്ടു വർഷക്കാലമായി വകമാറ്റി ചെലവഴിച്ചു എന്നും ശമ്പളത്തിനായി ചെലവിട്ടു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കുമരകം ഇക്കോസിറ്റിയുടെ പ്രവർത്തനം

104 (4539) ശ്രീമതി മേഴ്സി രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമരകം ഇക്കോസിറ്റിയുടെ പ്രവർത്തനം ആരംഭിച്ചുവോ ;

(ബി) ഈ സിറ്റിയുടെ പരിധിയിൽ ഏതെല്ലാം പ്രദേശങ്ങൾ വരും ;

(സി) ഈ പദ്ധതിക്ക് എന്ത് ചെലവ് വരും ;

(ഡി) ഇതിനുള്ള തുക എപ്രകാരമാണ് കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടയം-കുമരകം ഇക്കോസിറ്റി പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ സർക്കാർതലത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇക്കോ സ്മാർട്ട് ഇന്ത്യാ ലിമിറ്റഡ് മുംബൈ തയ്യാറാക്കി സമർപ്പിച്ച സമഗ്ര പരിസ്ഥിതി മാനേജ്മെന്റ് പദ്ധതിയിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.